LIBRARY ARCHIVES Kerala Legislative Assembly

പാപ്പനംകോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

180(2382) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ പാപ്പനംകോട് സ്ഥിതി ചെയ്യുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നിലവിൽ എത്ര വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തനരഹിതമായിട്ടുള്ള വ്യവസായ യൂണിറ്റുകളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) നേമം നിയോജകമണ്ഡലത്തിലെ പാപ്പനംകോട് സ്ഥിതിചെയ്യുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നിലവിൽ 77 വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇവയുടെ ലിസ്റ്റ് അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തനരഹിതമായിട്ടുള്ള 4 വ്യവസായ യൂണിറ്റുകളുടെ ലിസ്റ്റ് അനുബന്ധം -2 ആയി ചേർക്കുന്നു.*

വാടയ്ക്കൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

181(2383) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടയ്ക്കൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ ആകെ വിസ്തൃതി എത്ര; അവിടെ എത്ര ഇൻഡസ്ട്രിയൽ യൂണിറ്റുകളാണുള്ളത്; അതിൽ എത്ര യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കാമോ;

(ബി) ഇൻഡസ്ട്രിയൽ യൂണിറ്റുകൾ അനധികൃതമായി കൈമാറ്റം ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു തടയാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.